"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് - മുഴുവൻ സമയ അംഗങ്ങളുടെ പ്രതിമാസ ഓണറേറിയം പുതുക്കി നിശ്ചയിച്ചും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് കരാർ വ്യവസ്ഥയിൽ വേതന നിരക്ക് നിശ്ചയിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1356/2023/LSGD തീയതി,തിരുവനന്തപുരം, 02-07-2023

---

പരാമർശം:-

1. സ.ഉ.(കൈ)നം.237/2021/തസ്വഭവ, തീയതി 20.10.2021
2. സ.ഉ.(സാധാ)നം.2448/2021/തസ്വഭവ, തീയതി 01.12.2021
3. സ.ഉ.(സാധാ)നം.566/2022/തസ്വഭവ, തീയതി 09.03.2022
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 -ൽ കൂടിയ യോഗത്തിന്റെ തീരുമാനം 3.5, 3.6

**ഉത്തരവ്**

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ ഒരു സഹായ സംവിധാനമെന്ന നിലയിൽ 14-5-2007 -ൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള എസ്.ആർ.ജി. പരാമർശം (1) ഉത്തരവ് പ്രകാരമാണ് പുനഃസംഘടിപ്പിച്ചിട്ടുള്ളത്. ഇതിന്റെ തുടർച്ചയായി, ആസൂത്രണത്തിലും പ്രാദേശിക ഭരണത്തിലും വൈദഗ്ധ്യമുള്ള താഴെപ്പറയുന്ന സർക്കാർ സേവനത്തിൽ നിന്ന് വിരമിച്ചിട്ടുള്ള 5 പേരെ എസ്.ആർ.ജി.യിൽ മുഴുവൻ സമയ അംഗങ്ങളായി ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവാകുകയും പ്രസ്തുത അനൗദ്യോഗിക അംഗങ്ങളുടെ ഹോണറേറിയം പരാമർശം (3) ഉത്തരവ് പ്രകാരം നിശ്ചയിച്ച് നല്കുകയുമുണ്ടായി.

1. ശ്രീ.എസ്.ജമാൽ (റിട്ട. ജോയിന്റ് ഡയറക്ടർ, സഹകരണ വകുപ്പ്)
2. ശ്രീ. റ്റി.സുരേഷ് ബാബു. (റിട്ട. ജോയിന്റ് ഡയറക്ടർ, സംസ്ഥാന ആസൂത്രണ ബോർഡ്)
3. ശ്രീ. എഡിസൺ.എസ് (റിട്ട. ജോയിന്റ് ഡയറക്ടർ, കേരള ലാന്റ് യൂസ് ബോർഡ്)
4. ശ്രീ. വിമൽകുമാർ. കെ.എൻ (റിട്ട. സീനിയർ സൂപ്രണ്ട്, തദ്ദേശ സ്വയംഭരണ വകുപ്പ്)
5. ശ്രീ.നന്ദകുമാർ. സി. (റിട്ട. ഗ്രാമപഞ്ചായത്ത് സെക്രട്ടറി)

2. മുഴുവൻസമയ എസ്.ആർ.ജി അംഗങ്ങളായി മേൽ പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള ഇവരുടെ പ്രതിമാസ ഓണറേറിയം 55,000 രൂപ (അൻപത്തി അയ്യായിരം രൂപ മാത്രം) ആയി പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു. 15.06.2023 മുതൽ ഇതിനു പ്രാബല്യമുണ്ടായിരിക്കും. മുൻകാലങ്ങളിലെ പോലെ ഓണറേറിയം KILA യിൽ നിന്നു നൽകേണ്ടതാണ്.

3. വികേന്ദ്രീകൃതാസൂത്രണ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് പിന്തുണാസംവിധാനമായി ദിവസവേതനാടിസ്ഥാനത്തിൽ വിവിധ തസ്തികകളിൽ നിയമിക്കുന്നതിനും പരാമർശം (1) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന താഴെ പറയുന്നവർക്ക് ധനവകുപ്പിന്റെ 11.02.2021 ലെ സ.ഉ.(അച്ചടി)നം.29/2021/ധന നമ്പർ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ അവരുടെ പേരിനും തസ്തികയ്ക്കും നേരെ പറയുന്ന നിരക്കിൽ കരാർ വ്യവസ്ഥയിൽ വേതനം നൽകാൻ അനുമതി നൽകിയും ഉത്തരവാകുന്നു. 15.06.2023 മുതൽ ആയതിന് പ്രാബല്യമുണ്ടായിരിക്കും. തീർത്തും താല്കാലികാടിസ്ഥാനത്തിലായിരിക്കും കരാർ വ്യവസ്ഥയിലുള്ള ഇവരുടെ നിയമനം. ഇവരുടെ പ്രവർത്തന മികവു പരിശോധിച്ച് ഓരോ വർഷവും ഇവരുടെ കരാർ പുതുക്കുന്നതിന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറെ ചുമതലപ്പെടുത്തുന്നു. കരാർവ്യവസ്ഥയിൽ നിയമിക്കുന്നതിന് ധനവകുപ്പിന്റെ മറ്റു നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്. മുൻകാലങ്ങളിലെ പോലെ ഇവരുടെ വേതനവും KILA യിൽ നിന്നു നൽകേണ്ടതാണ്.

| ക്രമ നം | പേര് | തസ്തിക | കരാർ പ്രകാരം പ്രതിമാസം പരമാവധ് നൽകാവുന്ന വേതനം |
|---|---|---|---|
| 1 | ശ്രീമതി ലേഖ.ജി.എൻ | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 22,290 രൂപ |
| 2 | ശ്രീമതി രഞ്ജിനി.ആർ | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 22,290 രൂപ |
| 3 | ശ്രീ. അമൽ.എസ് | ഓഫീസ് അസിസ്റ്റന്റ് | 18,390 രൂപ |
| 4 | ശ്രീ. അജേഷ്. എസ് | ക്ലാർക്ക് | 21,175 രൂപ |
| 5 | ശ്രീമതി സൗമ്യ.കെ.എസ് | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 22,290 രൂപ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് മുഖാന്തരം)
2. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
3. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
4. ഡയറക്ടർ ജനറൽ, കില
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
7. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 04-07-2023 11:46:20
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്